**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **01-09-2022 - ൽ മറുപടിയ്ക്ക്**

**കവളപ്പാറയിലെ പട്ടികവർഗ കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കവളപ്പാറയിലെ പട്ടികവർഗ കുടുംബങ്ങൾക്കായി പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തിയ വകയിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖാന്തരം 2019 മുതൽ നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ 2019 ലെ പ്രളയത്തെതുടർന്ന് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് 09/2019 മുതൽ മാറ്റുകയും ദുരിതാശ്വാസക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട് വാടക ഇനത്തിൽ 6,65,000/- രൂപയും, ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,15,092/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഇവർക്ക് ഭക്ഷണം പാകം ചെയ്യുന്നതിന് ഗ്യാസ് സിലിണ്ടർ ലഭ്യമാക്കിയ വകയിൽ 3,37,314/- രൂപ ചിലവായിട്ടുണ്ട്. |
| (ബി) | കവളപ്പാറയിലെ പട്ടികവർഗ കുടുംബങ്ങൾക്ക് സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും വീടും ലഭ്യമാക്കുന്നതിന് അനുവദിച്ച പണം കൈപ്പറ്റി ഒരു വർഷമായിട്ടും ഇവരുടെ ഭവന നിർമാണം പൂർത്തീകരിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടികവർഗ വിഭാഗങ്ങളുടെ ഭവനനിർമാണം ഏതെങ്കിലും സംഘങ്ങളെയോ ഏജൻസികളെയോ ഏൽപ്പിച്ചിരുന്നോയെന്ന് അറിയിക്കാമോ; മുഴുവൻ പട്ടികവർഗ കുടുംബങ്ങളുടെയും വീട് നിർമാണം ഉടൻ പൂർത്തീകരിച്ച് കൈമാറാൻ നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കവളപ്പാറയിലെ 32 കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം അനുവദിക്കുകയും ഈ തുക ഉപയോഗിച്ച് പോത്തുകൽ ഗ്രാമപഞ്ചായത്തിൽ 'ഉപ്പടഗ്രാമം' എന്ന പ്രദേശത്ത് സ്ഥലം വാങ്ങുകയും സ്ഥലവില, രജിസ്ട്രേഷൻ ചാർജ് എന്നീ ഇനങ്ങളിലുള്ള തുക നിലമ്പൂർ താലൂക്ക് ഓഫീസിൽ നിന്നും അനുവദിക്കുകയും അതിൽ 27 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഒരു ഏജൻസിക്ക് ഭവന നിർമ്മാണത്തിന് കരാർ നൽകുകയും ചെയ്തിരുന്നു. ടി 32 കുടുംബങ്ങൾക്കും വീടുനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ 13 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള തുക ഇവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ നിന്നും നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 19 പേർക്ക് വീടുനിർമ്മാണത്തിൻറെ പുരോഗതിക്കനുസരിച്ച് നിലമ്പൂർ താലൂക്ക് ഓഫീസ് വഴി തുക വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച 4 ലക്ഷം ഉപയോഗിച്ച് ഭവന നിർമ്മാണം' പൂർത്തികരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അധികമായി 2 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ഉപയോഗിച്ച് മേൽ പറഞ്ഞ 32 കുടുംബങ്ങളിൽ 28 |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾ വീടിൻറെ മേൽക്കൂര നിർമ്മാണം വരെ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടു ഗുണഭോക്താക്കൾ വീടിനുള്ള തറയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി രണ്ട് ഗുണഭോക്താക്കൾ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കളോട് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പോത്ത്കല്ല് പഞ്ചായത്തിലെ ചാലിയാർ പുഴക്ക് കുറുകെ ഇരുട്ടുകത്തി കടവിൽ 2019 പ്രളയത്തിൽ പാലം തകർന്ന് ഒറ്റപ്പെട്ട് കഴിയുന്ന ഇരുട്ടുകത്തി, വാണിയമ്പുഴ, തിരിപ്പ പൊട്ടി, കുമ്പളപ്പാറ ആദിവാസി കോളനികളിലേക്ക് പാലം നിർമിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | പോത്ത്കല്ല് പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ ഇരുട്ടുകത്തി കോളനിയിലേക്കു പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈൻ പ്രവൃത്തികളും പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ